**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **17-09-2025 - ൽ മറുപടിയ്ക്ക്**

**നടക്കാവ് ഗവ. ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നടക്കാവ് ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനു കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നടക്കാവ് ഗവ. ജി വി എച്ച് എസ് സ്കൂളിന്റെ ഡിപിആർ പദ്ധതി നിർവ്വഹണ ഏജൻസിയായ കില ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ടി സ്കൂൾ കെട്ടിട നിർമ്മാണത്തിന് കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ഫീസിബിലിറ്റി റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗതീരുമാനത്തിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ബഹു:മുഖ്യമന്ത്രിയുടെ മീറ്റിങ്ങിന് ശേഷം വിദ്യാകിരൺ മിഷന്റെ നേതൃത്വത്തിൽ കിലയിലെ ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും പ്രിൻസിപ്പൽ / ഹെഡ് മാസ്റ്റർ, പി.റ്റി.എ ഭാരവാഹികൾ എന്നിവരുമായി ആലോചിച്ച് അനുയോജ്യമായ പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ പ്രൊപ്പോസലും, പ്ലാനും തയ്യാറാക്കി കോഴിക്കോട് കോർപ്പറേഷന് സമർപ്പിച്ചിരുന്നു. എന്നാൽ കവറേജ് പരിധിയിൽ അധികരിച്ചതിനാൽ ഇളവ് ലഭിക്കുന്നതിനായി കോർപ്പറേഷൻ മുഖേന ടൌൺപ്ലാനിംഗിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്. നിലവിൽ ഇത് സംബന്ധിച്ച ഫയൽ ടൌൺപ്ലാനിംഗ് സെക്ഷനിൽ പരിശോധനയിലാണ്. |
| (സി) | കെട്ടിട നിർമ്മാണ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കോഴിക്കോട് കോർപ്പറേഷനിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്കൂളിന്റെ ഡിപിആർ കില തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതും ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ കിഫ്ബി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ